## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4136 | 24.06.2019 ൽ മറുപടിയ്ക്ക്

### വനസംരക്ഷണ പദ്ധതികൾ

| ചോദ്യം<br>ശ്രീ. സി.ദിവാകരൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|
| (എ) | വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടെയുള്ള വനമേഖലകളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടെയുള്ള വനമേഖലകളെ സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന പദ്ധതികൾ –<br>• വനസംരക്ഷണം (വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും)<br>• നശിച്ചുപോയ വനത്തിനു പകരം വനം വച്ചു പിടിപ്പിക്കലും, ഔഷധസസ്യ പരിപാലനവും<br>• ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വന ഉല്പന്നങ്ങളുടെ വികസനം<br>• തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ (ഘനമരത്തോട്ടങ്ങളുടെ)<br>• അടിസ്ഥാന സൗകര്യ വികസനം, റോഡുകളും, കെട്ടിടങ്ങളും<br>• ജൈവ വൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും പരിസ്ഥിതി വികസന പരിപാടി<br>• പരിസ്ഥിതി വിനോദ സഞ്ചാരം (ഇക്കോ ടൂറിസം) |

| | | |
|---|---|---|
| | | • മാനവശേഷി വികസനം<br>• വിഭവ ആസൂത്രണവും ഗവേഷണവും<br>• വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും<br>• സാമൂഹിക വനവല്ക്കരണവും കാർഷിക വനവല്ക്കരണവും, വിജ്ഞാന വ്യാപന പ്രവർത്തികളും<br>• ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്<br>• മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ<br>• തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും<br><br><u>കേന്ദ്ര സഹായ പദ്ധതികൾ</u> -<br><br>• വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും പരിപാലനം<br>• സംയോജിത വനസംരക്ഷണ പദ്ധതി<br>• പ്രോജക്റ്റ് എലിഫന്റ്<br>• പ്രോജക്റ്റ് ടൈഗർ<br>• നീലഗിരി ബയോസ്ഫിയർ റിസർവ്വ്<br>• അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്<br>• വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി<br>• നീർത്തട ഭൂമി സംരക്ഷണ പദ്ധതി<br>• ദേശീയ വനവല്ക്കരണ പദ്ധതി - ഗ്രീൻ ഇന്ത്യാ മിഷൻ<br><br><u>മറ്റു പദ്ധതികൾ</u> -<br><br>ദേശീയ ഔഷധ സസ്യ ബോർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി |

| | | |
|---|---|---|
| (ബി) | കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) സംസ്ഥാനത്തെ 15 വന്യജീവി സങ്കേതങ്ങളുടേയും, 6 ദേശീയോദ്യാനങ്ങളുടെയും, ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റേയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഇതു കൂടാതെ കടുവകളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗർ, കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും, വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (ABR), നീലഗിരി ബയോസ്ഫിയർ റിസർവ്വ് (NBR), കാലാവസ്ഥാ വ്യതിയാനങ്ങളിലെ പ്രശ്നങ്ങൾ ലഘൂകരിച്ച് പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രീൻ ഇന്ത്യാ മിഷൻ, കാട്ടുതീ നിയന്ത്രണം പ്രധാന ലക്ഷ്യമായിട്ടുള്ള സംയോജിത വനസംരക്ഷണ പദ്ധതി, കണ്ടൽക്കാടുകളുടേയും, പവിഴപ്പുറ്റുകളുടേയും സംരക്ഷണത്തിനായുള്ള നീർത്തട ഭൂമി സംരക്ഷണ പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.<br>പ്രോജക്ട് ടൈഗർ ഒഴികെ മറ്റ് പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60% ഉം, റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50% ഉം ആണ് കേന്ദ്ര വിഹിതം. |

സെക്ഷൻ ഓഫീസർ